**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5361** **12-08-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുത ചാർജ്ജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ എത്ര തവണ സംസ്ഥാനത്ത് വൈദ്യുത ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും ഓരോതവണയും ഉള്ള വർദ്ധനവിന്റെ നിരക്ക് എത്രയാണെന്നും അറിയിക്കുമോ? | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ട് തവണ വൈദ്യുത ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 17.04.2017-ൽ സംസ്ഥാനവൈദ്യുതിറഗുലേറ്ററി കമ്മീഷൻ, സ്വമേധയാ പുറത്തിറക്കിയ താരിഫ് പരിഷ്കരണ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് 18.04.2017 മുതൽ പരിഷ്കരിച്ചിട്ടുണ്ടായിരുന്നു. 4.77% വർദ്ധനവ് രേഖപ്പെടുത്തിയ ടി താരിഫ് പരിഷ്കരണംമൂലം, 550 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്. രണ്ടാമത്തെ പരിഷ്കരണം, സംസ്ഥാനവൈദ്യുതി റഗുലേറ്ററികമ്മീഷന്റെ 08.07.2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയത്. 7.32% വർദ്ധനവ് രേഖപ്പെടുത്തിയ ടി താരിഫ് പരിഷ്കരണത്തിലൂടെ 2019-20 സാമ്പത്തിക വർഷത്തിൽ 902.94 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ